## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 294 01.12.2014 ന് മറുപടിയ്ക്ക്

### വനം വകുപ്പ് പാട്ടത്തിന് നൽകിയ ഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി)** |
| (എ) വൈദ്യുതി ബോർഡിന്റെ വിവിധ പദ്ധതികൾക്കായി വനം വകുപ്പ് പാട്ടത്തിന് നൽകിയ ഭൂമിയുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് വനം വകുപ്പ് നിയമ ഉപദേശം തേടുകയുണ്ടായിട്ടുണ്ടോ;<br>(ബി) ലഭിച്ച നിയമ ഉപദേശത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) & (ബി) ഈ വിഷയത്തിൽ . നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ട്. ആയത് ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) ബോർഡിന്റെ കൈവശമുണ്ടായിരുന്ന ഭൂമികളത്രയും ഇപ്പോൾ ബോർഡിനു പകരം രൂപീകരിക്കപ്പെട്ട കമ്പനിക്ക് കൈമാറ്റം നടത്തിയിട്ടുണ്ടോ; | (സി) വൈദ്യുതി ബോർഡിന്റെ കൈവശമുണ്ടായിരുന്ന എല്ലാ വസ്തു വകകളും 31.10.2013 ലെ ജി.ഒ (പി) 46/2013/ഊ.വ പ്രകാരം പുറപ്പെടുവിച്ച "കേരള ഇലക്ട്രിസിറ്റി സെക്കൻറ് ട്രാൻസ്ഫർ സ്കീം (റീ വെസ്റ്റിംഗ്) 2013" ലൂടെ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. |
| (ഡി) പ്രസ്തുത ഭൂമി കമ്പനി തന്നെ തുടർന്നും ഉപയോഗിക്കുന്നതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ;<br>(ഇ) പദ്ധതി പ്രദേശത്തിലെ ഭൂമി കമ്പനി തന്നെ കൈവശം വയ്ക്കുന്നത് മൂലം വനം വകുപ്പിന് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ? | (ഡി) & (ഇ) ഇക്കാര്യത്തിലുള്ള നിയമോപദേശം ലഭിച്ച ശേഷമേ തുടർ തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ